## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1459 06.03.2017 ൽ മറുപടിയ്ക്ക്**

**പഴം ,പച്ചക്കറി എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത**

**ചോദ്യം**
**ശ്രീ.സി.കെ.ശശീന്ദ്രൻ**
**ശ്രീ.എം.സ്വരാജ്**
**ശ്രീ.എം.നൗഷാദ്**
**ശ്രീ.കെ.ബാബു**

**മറുപടി**
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്ത് പഴം ,പച്ചക്കറി എന്നിവയുടെ ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനായി 74.3 കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കി വരുന്നത്. ഇടുക്കി ജില്ലയിലെ വട്ടവട, കാന്തല്ലൂർ മേഖല ഒരു പച്ചക്കറി ഹബ് ആക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വട്ടവട, കാന്തല്ലൂർ മേഖലയിലെ കർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ച് ഗ്രാമീൺ ബാങ്കിന്റെ ഒരു ശാഖ വട്ടവടയിൽ ആരംഭിച്ചിട്ടുണ്ട്. പുരയിടങ്ങളിലും, വീട്ടുവളപ്പിലും, മട്ടുപ്പാവിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, പ്രോജക്ടടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ജില്ലാ ക്ലസ്റ്ററുകളുടെ വികസനം, തരിശുനില കൃഷി, മാധ്യമങ്ങൾ വഴിയും എൻ.ജി.ഒകൾ മുഖേനയും വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ വിതരണം, 'എ'ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾക്ക് ധനസഹായം നൽകൽ, കിഴങ്ങു വർഗ്ഗ വിളകളുടെ വികസനം, നഴ്സറികളുടെ സ്ഥാപനം, മഴ മറകൾ സ്ഥാപിക്കുന്നതിന് ധനസഹായം, സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണത്തോട്ടങ്ങൾക്ക് ധനസഹായം നൽകൽ, സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും |

നടത്തുന്നതിന് ധനസഹായം നൽകൽ, പച്ചക്കറിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും വിഷരഹിതമായി ഉല്പാദിപ്പിച്ച പച്ചക്കറി കമ്പോളത്തിൽ ലഭ്യമാക്കുന്നതിനുമായി സേഫ്-ടു-ഈറ്റ് പദ്ധതിയും , വി.എഫ്.പി.സി.കെ മുഖേന പച്ചക്കറി കൃഷി വികസനത്തിനായി 600 ലക്ഷം രൂപയുടെ വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു. സംസ്ഥാന കൃഷി വകുപ്പിന്റെ സ്വന്തം ബ്രാൻറായി 'കേരള ഓർഗാനിക് ' എന്നപേരിൽ ഓർഗാനിക്ക് പച്ചക്കറിയുടെ വിപണനം ഈ വർഷം വിഷുവിന് ആരംഭിക്കുന്നതാണ്.

| | | | |
|---|---|---|---|
| ബി | കാർഷികോത്പന്നങ്ങളുടെ സംഭരണം, വിപണനം, ഗ്രേഡിംഗ് എന്നിവയ്ക്കായി എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | കാർഷികോത്പന്നങ്ങളുടെ വിപണനത്തിന് കൃഷി വകുപ്പിന്റെ കിഴിലുള്ള ആറ് കാർഷിക മൊത്ത വ്യാപാര വിപണികളിലും, അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും വി.എഫ്.പി.സി.കെയുടെ 274 സ്വാശ്രയകർഷക സമിതികളിലും സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വിപണികളിൽ കൊണ്ടുവന്ന് തരം തിരിച്ച് ലേലം ചെയ്ത് വിൽക്കുവാൻ സാധിക്കും. അപ്രകാരം ലേലത്തിലൂടെ ഉത്പന്നങ്ങൾ വിൽക്കുന്ന കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതി പ്രകാരം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനും സംഭരണം, വിപണനം, ഗ്രേഡിംഗ് എന്നിവയ്ക്കായി പായ്ക്ക് ഹൗസുകൾപോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി | പച്ചക്കറി കൃഷിയ്ക്ക് പലിശ രഹിത വായ്പ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സി) | കേരള ഗ്രാമീൺ ബാങ്കുമായി സഹകരിച്ച് കർഷകർക്ക് 4% പലിശ നിരക്കിൽ പച്ചക്കറി കൃഷിക്ക് ലോൺ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സഹകരണ സംഘങ്ങളുമായി സഹകരിച്ച് പലിശ രഹിത വായ്പ നൽകുന്ന വിവരം സർക്കാർ പിരിശോധിച്ച് വരികയാണ്. |

| | | |
|---|---|---|
| ഡി | വിഷരഹിത പച്ചക്കറികളുടെ സംഭരണത്തിനും വിപണനത്തിനും ഹോർട്ടികൾച്ചർ കോർപ്പറേഷന്റെ പ്രവർത്തനം വിപുലമാക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ന്യായ വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് വരുന്നു. ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഇക്കഴിഞ്ഞ നവംബർ മാസത്തിൽ വയനാട് ജില്ലയിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ വിതരണ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും, മലപ്പുറം ജില്ലയിൽ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ മറ്റ് മേഖലകളിൽക്കൂടി ഹോർട്ടികോർപ്പിന്റെ വിപണന ശ്രംഖല വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

S. K[illegible]

**സെക്ഷൻ ഓഫീസർ**